**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 527** **06-12-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക,കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക , കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ജൂനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഇൻഫർമേഷൻ സിസ്റ്റംസ് ഡയറക്ടർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ്, പ്രോഗ്രാമർ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, പ്യൂൺ, ഇലക്ട്രീഷ്യൻ, ഐ.റ്റി.സപ്പോർട്ട് സ്റ്റാഫ്, പ്രോജക്ട് മാനേജർ, ക്രെഡിറ്റ്/അക്കൗണ്ട്സ് എക്സിക്യൂട്ടീവ്, മുതലായ തസ്തികകളിലായി 51 ജീവനക്കാരെ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം 14,68,954/- (പതിനാല് ലക്ഷത്തി അറുപത്തി എണ്ണായിരത്തി തൊള്ളായിരത്തി അൻപത്തിനാല് രൂപ മാത്രം) അനുവദിച്ച് നൽകിയിരുന്നു. |
| (ബി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | മേൽ പറഞ്ഞ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ അല്ല. വകുപ്പ്/കോർപ്പറേഷൻ നേരിട്ടും, സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പത്രപരസ്യം നൽകി ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് എഴുത്തു പരീക്ഷ നടത്തി അതിൽ നിശ്ചിത മാർക്ക് ലഭ്യമായവരെ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയത്. |

സെക്ഷൻ ഓഫീസർ